**ബി.ടെക്. ബിരുദധാരികൾക്ക് ഗണിതശാസ്ത്രത്തിൽ ബി.എഡ്. പ്രവേശനം**

103 (4491) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ ബി.ടെക്. ബിരുദധാരികൾക്ക് ഗണിതശാസ്ത്രത്തിൽ ബി.എഡ്. പ്രവേശനത്തിന് അർഹതയുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ആയതിന് പി.എസ്.സി.-യുടെ അംഗീകാരമുണ്ടോ;

&

(സി) ഇല്ലെങ്കിൽ അംഗീകാരത്തിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) പി.എസ്.സി. നടത്തുന്ന വിവിധ തസ്തികകളുടെ തെരഞ്ഞെടുപ്പിന് യോഗ്യതകൾ നിർണ്ണയിക്കുന്നത് അതത് തസ്തികകളുടെ വിശേഷാൽ ചട്ടത്തെ/ എക്സിക്യൂട്ടീവ് ഉത്തരവിനെ അടിസ്ഥാനപ്പെടുത്തിയാണ്. ബി.ടെക് അടിസ്ഥാനമാക്കി നേടിയിട്ടുള്ള ബി.എഡ്. യോഗ്യത ഏതെങ്കിലും യോഗ്യതയുടെ തുല്യയോഗ്യതയായി പരിഗണിക്കുന്നതും, യോഗ്യതയായി പരിഗണിക്കുന്നതും സംബന്ധിച്ച് ഉത്തരവുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ ന്യൂജനറേഷൻ കോഴ്സുകൾ**

104 (4492) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ പരമ്പരാഗത കോഴ്സുകൾ കാലഘട്ടത്തിനനുസൃതമായി നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാലഘട്ടത്തിനനുസൃതമായി സംയോജിതവും ബഹുവൈജ്ഞാനിക രീതിയിലുമുള്ള നൂതന കോഴ്സുകൾ കൂടുതൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) കാലഹരണപ്പെട്ട കോഴ്സുകൾക്ക് പകരം ന്യൂജനറേഷൻ കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കുമോ?

കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളിലെ അഫിലിയേറ്റഡ് കോളേജുകളിലും കാലിക്കറ്റ്, മഹാത്മാഗാന്ധി, കുസാറ്റ്, കേരള, കണ്ണൂർ, മലയാളം, സംസ്കൃത സർവ്വകലാശാല എന്നിവയിലും 2020-21 അക്കാദമിക വർഷം New Generation Inter Disciplinary സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly